പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 514 | 24.07.2015 ൽ മറുപടിക്ക്

## എംപ്ലോയബിലിറ്റി സെന്ററുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.വർക്കല കഹാർ | | ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് എംപ്ലോയബിലിറ്റി സെന്ററുകൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്പ് എന്നിവ കണ്ടെത്തി സോഫ്റ്റ് സ്കില്ലുകൾക്ക് എംപ്ലോയബിലിറ്റി സെന്റർ മുഖേനയും, തൊഴിൽ അധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത സ്ഥാപനങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. അതോടൊപ്പം വിവിധ തൊഴിൽദാതാക്കളുമായി സഹകരിച്ച്, മേൽപ്പറഞ്ഞ പ്രകാരം പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (സി) | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ നിലവിൽ കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ |

എന്നിവിടങ്ങളിലായി അഞ്ച് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ആലപ്പുഴ,കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം തുടങ്ങുന്ന എംപ്ലോയബിലിറ്റി സെന്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. എംപ്ലോയബിലിറ്റി സെന്ററുകളുടെ ഹ്യൂമൻ റിസോഴ്സ് പ്രവർത്തനങ്ങൾ പൊതുസ്വകാര്യ പങ്കാളിത്തത്തോടെയാണ് നടത്തുന്നത്. നിലവിൽ 5 എംപ്ലോയബിലിറ്റി സെന്ററുകളിൽ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട് . ജില്ലാതലത്തിൽ എംപ്ലോയബിലിറ്റി സെന്ററുകളുടെ മേൽനോട്ടം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറും മേഖലാതലത്തിൽ മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടറും നടത്തുന്നു. എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് സംസ്ഥാനതലത്തിൽ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു.

സെക്ഷൻ ഓഫീസർ